LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കികിട്ടുന്നതിനു വേണ്ടി വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ ഏരിയാ ബോർഡുകളും സംസ്ഥാന ഏക ജാലക ക്ലിയറൻസ് ബോർഡും ഫലവത്തായി പ്രവർത്തിച്ചുവരുന്നു. കഴിയുന്ത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ പൂട്ടിപ്പോകാതിരിക്കാൻ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. മാർജിൻമണി വായ്പ, മൂലധന നിക്ഷേപ സബ്സിഡി, താരതമ്യേന കുറഞ്ഞ വിലയ്ക്ക് ഭൂമി നൽകൽ, സാങ്കേതിക വിജ്ഞാന വികസന ഫണ്ട്, പൊതുസേവന സൗകര്യ സെന്ററുകളുടെ സേവനം തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു.

(ബി & സി) ദേശീയതലത്തിലുള്ള തീരുമാനപ്രകാരം വ്യവസായങ്ങൾക്കുള്ള വില്പന നികുതിയിളവ് പിൻവലിച്ചതിനനുസൃതമായി സംസ്ഥാനത്തു 1-1-2000 മുതൽക്ക് വില്പന നികുതിയിളവ് ആനുകൂല്യം പിൻവലിച്ചിട്ടുണ്ട്. പൊതുവെ വ്യവസായങ്ങൾക്ക് 15% നിക്ഷേപ സബ്സിഡി പരമാവധി 15 ലക്ഷം രൂപ അനുവദിച്ചിരുന്നത് 10% എന്നും പരമാവധി സബ്സിഡി 5 ലക്ഷം രൂപായെന്നും ഇടുക്കി, വയനാട് ജില്ലകളിൽ ഇത് 10 ലക്ഷം രൂപായെന്നും 11-7-2000 മുതൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഉന്നത മേഖലകളിൽപ്പെടുന്നവയ്ക്ക് 15% സബ്സിഡി പരമാവധി 15 ലക്ഷം രൂപായെന്നും 11-7-2000 മുതൽ നിശ്ചയിച്ചിട്ടുണ്ട്. ഇത് വയനാട്, ഇടുക്കി, ജില്ലകളിൽ 25% യും പരമാവധി 25 ലക്ഷം രൂപയുമാണ്. ഓരോരോ മേഖലകളുടെ മുൻഗണനകൾ കണക്കിലെടുത്തുകൊണ്ടാണ് ഇവ നിശ്ചയിച്ചിട്ടുള്ളത്.

(ഡി) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി നിലവിലുണ്ട്.

ചെറുകിട വ്യവസായങ്ങൾ നടത്തിവരുന്നവർക്കായി പ്രോത്സാഹന പദ്ധതികൾ

1 (1) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായങ്ങൾ നടത്തിവരുന്നവർക്കായി നിലവിൽ എന്തെല്ലാം പ്രോത്സാഹന പദ്ധതികൾ ആണ് വ്യവസായ വകുപ്പ് നടത്തി വരുന്നതെന്ന് അറിയിക്കുമോ ;

(ബി) അഞ്ചുവർഷത്തിൽ കൂടുതൽ ലാഭകരമായി ചെറുകിട വ്യവസായങ്ങൾ നടത്തുന്നവർക്ക് ആധുനികവൽക്കരണത്തിനും വ്യവസായ വികസനത്തിനും പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ജപ്പാൻ, കൊറിയ, ചൈന തുടങ്ങിയ രാജ്യങ്ങളിലെ ഉത്പന്നങ്ങളുമായി മത്സരിച്ചു മുന്നേറാൻ കേരളീയ സംരംഭങ്ങൾക്കായി പുതിയ ഒരു പ്രത്യേക പാക്കേജ് നൽകുമോ എന്നു വ്യക്തമാക്കുമോ ;

(ഡി) ഇവർക്ക് അന്യ സംസ്ഥാനങ്ങളിൽ ഷോറൂമുകൾ തുറക്കാനും വിപണനത്തിനും പരസ്യത്തിനും വേണ്ടിവരുന്ന ചെലവ് വഹിക്കാനും ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) ചെറുകിട വ്യവസായങ്ങൾ നടത്തി വരുന്നവർക്കായി നിലവിലുള്ള പ്രധാന പ്രോത്സാഹന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ആധുനികവൽക്കരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ആവശ്യമായ സാങ്കേതിക വിവരങ്ങളും സഹായങ്ങളും നൽകുന്നു. അതോടൊപ്പം അതിനാവശ്യമായ സാമ്പത്തിക സഹായം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശുപാർശയും നല്കുന്നു.

2. ആധുനിക വൽക്കരണത്തിന്റെയും വൈവിധ്യവൽക്കരണത്തിന്റെയും ഭാഗമായി നടത്തുന്ന മൂലധന നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം തുക നിക്ഷേപ സബ്സിഡിയായി നൽകുന്നു.

3. സാങ്കേതിക വിദ്യ വികസന നിധി എന്ന പദ്ധതിയിലൂടെ സാങ്കേതിക ഉന്നമനത്തിനായി 12% പ്രത്യേക മൂലധന സബ്സിഡി നല്കുന്നു.

4. ജൈവ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ വികസനത്തിനായി ഔഷധ ചെടികളുടെ ഒരു വിജ്ഞാന ശേഖരം ഉണ്ടാക്കുവാൻ ഒരു ജൈവ വിഭവ ബാങ്ക് സ്ഥാപിക്കുന്നുണ്ട്.

5. ഭക്ഷ്യ സംസ്ക്കരണം, ഇലക്ട്രോണിക്സ് തുടങ്ങിയ പുരോഗമന മേഖലകളിൽ അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിക്കുന്നതിന് ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ട്.

6. പൊതു വ്യവസായ സ്ഥാപന സൗകര്യങ്ങൾ സൃഷ്ടിച്ച് വ്യവസായ യൂണിറ്റുകൾക്ക് അസംസ്കൃത വസ്തുക്കൾ മൊത്തമായി കണ്ടെത്തുന്നതിനും പരസ്പര ധാരണയിലൂടെ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പൊതു വില്പന ബ്രാന്റ് സൃഷ്ടിക്കുന്നതിനും, വിപണനത്തിനും നേട്ടം കൈവരിക്കുന്നതിനും സഹായിക്കുന്നു.

7. ചെറുകിട വ്യവസായങ്ങളിലെ ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ചെറുകിട വ്യവസായങ്ങൾ വിപണനം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനത്തിന്റെയും സ്ഥിര മൂലധന നിക്ഷേപത്തിന്റെയും നിശ്ചിത ശതമാനം കരുതൽ വായ്പാധനമായി നല്കി പ്രോത്സാഹിപ്പിക്കുന്നു. ഇതിനായി വിപണന പദ്ധതി, വിപണന പ്രചോദനം എന്ന പദ്ധതി പ്രകാരം ഇക്കൊല്ലം 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. ഭക്ഷ്യ സംസ്ക്കരണ വ്യവസായത്തെ സംസ്ഥാനത്തെ പ്രമുഖ ഊന്നൽ മേഖലയായി കണക്കാക്കി ഈ മേഖലയുടെ വികസനത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഞ്ചു വർഷം എന്നാലോകനം എന്നോ നോക്കാതെ തന്നെ നിലവിലുള്ള നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത വ്യവസായങ്ങൾ വിപുലീകരണം/ ആധുനിക വൽക്കരണം/വൈവിധ്യവൽക്കരണം എന്നിവ ചെയ്യുകയാണെങ്കിൽ നിലവിലുള്ള സീലിംഗിൽ നിറുത്തി സംസ്ഥാന മൂലധന സബ്സിഡി ഇപ്പോൾതന്നെ നൽകുന്നുണ്ട്.

(സി & ഡി) ഉല്പന്നത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തി വിപണനം ശക്തിപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് "സാങ്കേതിക വിദ്യാ വികസന നിധി" എന്നൊരു പദ്ധതി നടപ്പിലാക്കിവരുന്നു. ഈ വർഷം ഇതിന് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ വികസനത്തിനായി ലഭിക്കുന്ന വായ്പ തുകയുടെ 12% ക്രെഡിറ്റ് കാപ്പിറ്റൽ സബ്സിഡിയായാണ് ഈ തുക നൽകുന്നത്. കൂടാതെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ വിപണനം ലക്ഷ്യംവച്ച് സ്ഥാപിക്കുന്ന മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾക്കുവേണ്ടിയുള്ള സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ; ആധുനിക പാക്കിംഗ് യന്ത്രങ്ങൾ, ഗുണനിലവാര സർട്ടിഫിക്കറ്റിനുള്ള ചെലവുകൾ, വൈദ്യുതീകരിക്കുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്ക് സർക്കാരിതര സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ (പ്രത്യേകിച്ച് വനിതകൾ നടത്തുന്ന) വ്യക്തികൾ നടത്തുന്നവ, മുതലായ ഏജൻസികൾക്ക് സബ്സിഡി നൽകാനുള്ള വിപണന പദ്ധതി/വിപണന പ്രചോദന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിനായി 40 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന്റെ 15% കൂടുതൽ ധനവായ്പ 5 ലക്ഷം രൂപ പരിധിയിലോ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 10 ലക്ഷം രൂപയിൽ കവിയാത്ത തുകയോ ഈ പദ്ധതി അനുസരിച്ച് നൽകാവുന്നതാണ്. സംസ്ഥാനത്തിനകത്ത് സ്ഥാപിക്കുന്ന മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾക്ക് മാത്രമേ ഈ പദ്ധതിപ്രകാരം സഹായം നൽകുകയുള്ളൂ.

കൂടാതെ വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ മറ്റുള്ളവർക്കു പരിചയപ്പെടുത്തി ഓർഡറുകൾ ലഭ്യമാക്കാൻ ഇത്തരം ഉല്പന്നങ്ങൾ വ്യവസായ വകുപ്പു തന്നെ നേരിട്ട് ഡൽഹിയിലെ പ്രഗതി മൈതാനിയിലെ ഭാരത അന്താരാഷ്ട്ര വിപണന മേളയിൽ എല്ലാ വർഷവും പ്രദർശിപ്പിക്കാറുണ്ട്.

കെ. എസ്. ബി. യിൽ നിന്നും ലോണെടുത്ത് വ്യവസായ സംരംഭങ്ങൾ നടത്തി റവന്യൂ റിക്കവറി നേരിടുന്നവർ

5 (4165) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ലോണെടുത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly